(ബി) ശുപാർശകൾ വിശദമായി പഠിക്കുന്നതിനായി ധനകാര്യ-എക്സൈസ്, തദ്ദേശ സ്വയംഭരണം, ജലവിഭവം എന്നീ വകുപ്പുകളുടെ മന്ത്രിമാർ ഉൾപ്പെട്ട ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്.

(സി) കമ്മീഷൻ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. സർക്കാർ തീരുമാനമെടുത്തശേഷം ടി റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഉദിക്കുന്നില്ല.

കേന്ദ്രഗവൺമെന്റിൽനിന്ന് വനഭൂമി ലഭ്യമാക്കാൻ നടപടി

*5 [578] ശ്രീ. വി. ചെന്താമരാക്ഷൻ:
ഡോക്ടർ തോമസ് ഐസക്:
ശ്രീ. ബാബുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും, സാംസ്കാരികവും, ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി വനഭൂമി വിട്ടുനൽകാൻ കേന്ദ്രഗവൺമെന്റിനോട് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കേന്ദ്രഗവൺമെന്റിന്റെ മറുപടി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു മറുപടിയാണ് ലഭിച്ചത് എന്ന് വ്യക്തമാക്കുമോ;

(സി) വനഭൂമി നൽകാൻ കേന്ദ്ര സർക്കാർ തയ്യാറായില്ലെങ്കിൽ മനുഷ്യാവകാശപ്രശ്നമായി കൈകാര്യം ചെയ്യാൻ ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുള്ള വിവരം സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനഭൂമി ലഭ്യമാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഇ) ശബരിമല വികസന പ്രവർത്തനങ്ങൾക്ക് വനഭൂമി വിട്ടുകൊടുക്കാനാവില്ലെന്ന് കേന്ദ്ര വനം ഡയറക്ടറുടെ പരാമർശം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(എഫ്) കേന്ദ്ര വനം ഡയറക്ടറുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടിയെന്നനിലയിൽ സംസ്ഥാന ഗവൺമെൻറ് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി.കാർത്തികേയൻ):

(എ) മരക്കൂട്ടത്തിൽ ഒരു കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 26 ഏക്കറും തീർത്ഥാടക പാതയിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഇരു വശത്തും 5 മീറ്റർ വീതിയിലും ചെറിയാനവട്ടത്ത് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് 1.017 ഹെക്ടർ സ്ഥലവും, കഴുതകളെ ഉപയോഗിക്കുന്നതിന് പ്രത്യേക പാതയായി കൂപ്പ് റോഡ് വികസിപ്പിക്കുന്നതിനും സ്ഥലം വിട്ടുകിട്ടുന്നതിന് ദേവസ്വം ബോർഡ് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) മറുപടി ലഭിച്ചിട്ടില്ല.

(സി) ഇല്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിതലത്തിലും ദേവസ്വം വകുപ്പുമന്ത്രി തലത്തിലും കേന്ദ്ര വനം വകുപ്പുമന്ത്രിയുമായി ഇക്കാര്യത്തെക്കുറിച്ച് ചർച്ച നടത്തുകയും, നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്തു. അതിന്റെ ഫലമായി തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിന് താൽക്കാലിക ഉപയോഗത്തിന് മരക്കൂട്ടത്ത് 20 ഹെക്ടറും വലിയാനവട്ടത്ത് 2.76 ഹെക്ടറും വനഭൂമി ലഭ്യമാക്കാൻ കേന്ദ്ര സർക്കാർ അനുമതി നൽകുകയുണ്ടായി.

(ഇ) മാദ്ധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) കൂടുതൽ വനഭൂമിക്കുള്ള നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലിരിക്കുകയാണെന്നും ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽനിന്നും രേഖാമൂലമുള്ള മറുപടി ഒന്നും ലഭിക്കാത്ത സാഹചര്യത്തിൽ വാർത്താ മാദ്ധ്യമങ്ങൾ വഴിയുള്ള ഇത്തരം പരാമർശങ്ങൾ അനുചിതമാണെന്ന് സർക്കാർ അറിയിക്കുകയുണ്ടായി. കൂടുതൽ വനഭൂമി വിട്ടുകിട്ടുന്ന കാര്യത്തിൽ വീണ്ടും കേന്ദ്ര സർക്കാരുമായി ബന്ധപ്പെടുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

സ്വകാര്യ ബ്ലെയ്ഡ് കമ്പനികളെ നിയന്ത്രിക്കാൻ നടപടി

* 6 [579] ശ്രീ. സി. മമ്മൂട്ടി:
„ കെ. കുട്ടി അഹമ്മദ് കുട്ടി:
„ പി. കെ. അബ്ദുറബ്ബ്:
„ വി. കെ. ഇബ്രാഹിംകുഞ്ഞ്:
„ പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊള്ളപ്പലിശ ഈടാക്കുന്ന സ്വകാര്യ ബ്ലെയ്ഡ് കമ്പനികളെ നിയന്ത്രിക്കാൻ എന്തെങ്കിലും നിയമം നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly